KOLLAMCITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/03/ 2019

## നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി രണ്ടുപേർ പിടിയിൽ.

കൊല്ലം :- കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി.കെ.മധു. ഐപിഎസ് അവർകളുടെ നിർദ്ദേശ പ്രകാരം കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ ആന്റി നർക്കോട്ടിക് സംഘാംഗങ്ങൾ നിരോധിത പുകയില ഉൽപ്പന്നങ്ങൾക്കായി നടത്തിയ വ്യാപക പരിശോധനയിൽ കൊല്ലം സിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ സ്കൂളുകൾക്ക് സമിപം നിരോധിത പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിയ രുപേരെ പിടികൂടുകയുായി. കണ്ണനല്ലൂരിലെ സ്റ്റേഷനറി കട ഉടമ ഷമീർ S/o നാസ്സർ, കിണറുവിള തെക്കതിൽ, കിഴവൂർ മുഖത്തല, രാധാകൃഷ്ണൻ S/o വിജയൻ, തെക്കുംഭാഗത്ത് പടിഞ്ഞറ്റതിൽ, തേവലക്കര, കോയിവിള എന്നീവരെയാണ് അറസ്റ്റ് ചെയ്തത്. ഷമീറിന്റെ സ്ഥാപനത്തിൽ നിന്നും വൻതോതിൽ പുക യില ഉൽപ്പന്നങ്ങളും, ആയത് വിൽപ്പന നടത്തിയ വകയിൽ ലഭിച്ച വൻ തുകയും പിടിച്ചെടുത്തു. രാധാകൃഷ്ണൻ തന്റെ മോട്ടോർ സൈക്കളിൽ കറങ്ങി നടന്ന് വിദ്യാർത്ഥികൾക്കും, മറ്റ് കടകളിലും നിരോധിത പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിവരികയായിരുന്നു. ഷമീറിനെ മുൻകാലങ്ങളിലും ഇതേ രീതിയിൽ പുകയില ഉൽപ്പന്നങ്ങൾ കൈവശം വച്ചതിന് അറസ്റ്റ് ചെയ്തിരുന്നു. ടിയാൻ തുടർന്നും ഇത്തരത്തിൽ വിൽപ്പന നടത്തുകയായിരുന്നു. ജില്ലയിൽ വർദ്ധിച്ചു വരുന്ന പുകയില ഉൽപ്പന്നങ്ങളുടെ വിപണനത്തെ സംബന്ധിച്ച് രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറുടെ ആന്റി നർക്കോട്ടിക് സംഘാംഗങ്ങൾ നടത്തിയ മിന്നൽ പരിശോധനയിലാണ് പുകയില ഉൽപ്പന്നങ്ങൾ കത്തെിയത്. ടിയാൻമാർക്കെതിരെ കണ്ണനല്ലൂർ, കൊല്ലം ഈസ്റ്റ് എന്നീ പോലിസ് സ്റ്റേഷനുകളിൽ കേസ്സ് രജിസ്റ്റർ ചെയ്തു. കൊല്ലം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസ്സിസ്റ്റന്റ് കമ്മീഷണർ എസ്. ഷിഹാബുദ്ദീൻ, എസ്ഐ ഗോപകുമാർ എന്നീവരുടെ നേതൃത്വത്തിലുള്ള ആന്റി നർക്കോട്ടിക് സംഘാംഗളാണ് ഇവരെ പിടികൂടിയത്. വരും ദിനങ്ങളിലും ഇത്തരത്തിലുള്ള കർശന പരിശോധനകൾ തുടരുമെന്ന് സിറ്റി പോലിസ് കമ്മീഷണർ അറിയിച്ചു.

